DEPT. OF ARCHAEOLOGY & MATERIAL CULTURE STUDIES

MAHARAJA'S COLLEGE ERNAKULAM

Government of Kerala Autonomous College

Park Avenue Road,
Opposite Subhash Bose Park,
Marine Drive, Ernakulam,
Kerala 682011

https://maharajas.ac.in/
archaeology@maharajas.ac.in

nirf 75 NATIONAL INSTITUTIONAL RANKING FRAMEWORK In College Category
Recognised as Centre with Potential for Excellence by the UGC
ACCREDITED WITH GRADE A NAAC
Ranked 10th KIRF Kerala Institutional Ranking Framework
LEGACY OF 150 YEARS

**പ്രസിദ്ധീകരണത്തിന്**

Date: 05-01-2026

**മഹാരാജാസ് കോളേജിൽ 'ഹിഡൻ ഹെറിറ്റേജ്' മത്സരം: പൈതൃകങ്ങളെ അടുത്തറിയാൻ വിദ്യാർത്ഥികൾക്ക് അവസരം**

എറണാകുളം: മഹാരാജാസ് കോളേജിന്റെ ശതോത്തര സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, കോളേജിലെ പുരാവസ്തുശാസ്ത്രപഠന വകുപ്പ് (Department of Archaeology & Material Culture Studies) ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കായി *'Hidden Heritage - A Peek into the Uncharted'* എന്ന പേരിൽ പൈതൃക രേഖപ്പെടുത്തൽ മത്സരം സംഘടിപ്പിക്കുന്നു.

പ്രാദേശികമായ പൈതൃക കേന്ദ്രങ്ങൾ, അധികം അറിയപ്പെടാത്ത ചരിത്ര സ്മാരകങ്ങൾ, പാരമ്പര്യ ആചാരങ്ങൾ എന്നിവയെക്കുറിച്ച് പഠനം നടത്തി അവ ഡോക്യുമെന്റ് ചെയ്യുകയാണ് മത്സരത്തിന്റെ ലക്ഷ്യം.

**മത്സരവിവരങ്ങൾ:**

ആർക്കൊക്കെ പങ്കെടുക്കാം: കോളേജ് / യൂണിവേഴ്സിറ്റി തലത്തിലുള്ള UG / PG വിദ്യാർത്ഥികൾക്ക്.

മത്സര രീതി: രണ്ട് പേരടങ്ങുന്ന ടീമുകളായാണ് പങ്കെടുക്കേണ്ടത്. തങ്ങൾ തിരഞ്ഞെടുത്ത പൈതൃക വിഷയത്തെക്കുറിച്ച് ഒരു ലഘുവീഡിയോയും കുറിപ്പും തയ്യാറാക്കി സമർപ്പിക്കണം. രജിസ്ട്രേഷനുള്ള അവസാന തീയതി: 2026 ഫെബ്രുവരി 6 .

അവതരണം: പ്രാഥമിക ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ടീമുകൾ 2026 ഫെബ്രുവരി 17 ന് മഹാരാജാസ് കോളേജിൽ എത്തി തങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കേണ്ടതാണ്.

സമ്മാനങ്ങൾ:

ഒന്നാം സമ്മാനം: ₹5,000 + മെമെന്റോ + സർട്ടിഫിക്കറ്റ്

രണ്ടാം സമ്മാനം: ₹3,000 + മെമെന്റോ + സർട്ടിഫിക്കറ്റ്

മൂന്നാം സമ്മാനം: ₹2,000 + മെമെന്റോ + സർട്ടിഫിക്കറ്റ്

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും താഴെ പറയുന്ന നമ്പറിലോ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക: ഫോൺ: 9349202087 (രാഹുൽ ആർ), ഇമെയിൽ: archaeology@maharajas.ac.in